# കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ

കെ.പി.എഫ്.സി ഭവനം, സി.വി രാമൻപിള്ള റോഡ്,
വെള്ളയമ്പലം, തിരുവനന്തപുരം, കേരള, പിൻ- 695 010
ഫോൺ:0471 2735544, ഫാക്സ്: 0471 2735599,
വെബ്സൈറ്റ്: www.erckerala.org ഇ-മെയിൽ: kserc@erckerala.org


തീയതി:02.06.2020

## അറിയിപ്പ്

കോവിഡ് 19-ഉം തുടർന്നുണ്ടായിരിക്കുന്ന ലോക്ക്ഡൗണും കമ്മീഷന്റെ തെളിവെടുപ്പ് അടക്കമുള്ള പ്രവർത്തനങ്ങളെ തുടർന്നും ബാധിക്കാതെ ഇരിക്കുന്നതിനായി ഇനി ഒരു അറിയിപ്പ് ഉണ്ടാകുന്നതുവരെ കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷന്റെ തെളിവെടുപ്പ് വീഡിയോ കോൺഫറൻസ് മുഖാന്തിരം നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച വിവരം കമ്മീഷന്റെ വെബ്സൈറ്റായ www.erckerala.org നൽകിയിട്ടുണ്ട്. പ്രസ്തുത പെറ്റിഷനിന്മേൽ പൊതുജനങ്ങളുടെയും മറ്റു ബന്ധപ്പെട്ടവരുടെയും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും തപാൽ മാർഗ്ഗമോ ഇ-മെയിൽ(kserc@erckerala.org) മുഖാന്തിരമോ തെളിവെടുപ്പ് തീയതിക്ക് മുൻപായി സമർപ്പിക്കാവുന്നതാണ്.

## LIST OF PETITIONS

| Sl No. | Subject | Date of Hearing |
|---|---|---|
| 1. | 200 MW Solar Purchase Approval of modified bids. (കെ.എസ്.ഇ.ബി-ക്ക് സോളാർ എനർജി വാങ്ങുന്നതിനുള്ള പുതുക്കിയ ടെൻഡർ അനുമതി സംബന്ധിച്ച്). | 09.06.2020 11 am |
| 2. | Additional CAPEX approval (Truing up of accounts for the FY 2016-17) (2016-17 വർഷത്തെ ആസ്തി സ്വരൂപിക്കുന്നത് സംബന്ധിച്ച അംഗീകാരത്തിന്) | 12.06.2020 11 am |
| 3. | PGCIL (1 consolidated petition) Tree cutting compensation from PGCIL (പവർ ഗ്രിഡ് കോർപ്പറേഷൻ ഇൻഡ്യാ ലിമിറ്റഡ്, വയനാട് ജില്ലയിൽ ഏറ്റെടുത്ത സ്ഥലത്തെ മുറിച്ച മരങ്ങൾക്ക് നൽകേണ്ടുന്ന നഷ്ടപരിഹാരം സംബന്ധിച്ച്. | 15.06.2020 11 am |
| 4. | Fuel surcharge for the 3rd quarter (ഇന്ധന ചിലവ് അധികരിച്ചത് മൂലം വൈദ്യുതി ചാർജ്ജിലുണ്ടാകുന്ന വർദ്ധന സംബന്ധിച്ച്. | 10.07.2020 11 am |
| 5. | Fuel surcharge for the 4th quarter (ഇന്ധന ചിലവ് അധികരിച്ചത് മൂലം വൈദ്യുതി ചാർജ്ജിലുണ്ടാകുന്ന വർദ്ധന സംബന്ധിച്ച്) | 10.07.2020 11 am |

പ്രസ്തുത തെളിവെടുപ്പുകളിൽ വീഡിയോ കോൺഫറൻസ് മുഖാന്തിരം പങ്കെടുക്കുന്നതിന് താല്പര്യമുള്ള ഉപഭോക്താക്കളും പൊതുജനങ്ങളും തെളിവെടുപ്പു നിശ്ചയിച്ചിട്ടുള്ള തീയതിക്ക് 5 ദിവസം മുൻപായി ഏത് തെളിവെടുപ്പിനാണോ പങ്കെടുക്കേണ്ടത് ആയതിന്റെ വിവരം, ഫോൺ നമ്പർ, ഇ-മെയിൽ അഡ്രസ്സ് എന്നിവ സഹിതം ഇ-മെയിൽ മുഖാന്തിരം കമ്മീഷൻ സെക്രട്ടറിയെ അറിയിക്കേണ്ടതാണ് (kserc@erckerala.org) വീഡിയോ കോൺഫറൻസിൽ പങ്കെടുക്കുന്നതിനാവശ്യമായ ലാപ്ടോപ്പ്/ ഡെസക്ടോപ്പ് (കേമറാ, സ്പീക്കർ സൗകര്യം ഉൾപ്പെടെ)/കമ്പ്യൂട്ടർ / സ്മാർട്ട് ഫോൺ/ടാബ്, ഇന്റർനെറ്റ് സൗകര്യം എന്നിവ പങ്കെടുക്കുവാൻ ഉദ്ദേശിക്കുന്നവർ കരുതേണ്ടതാണ്. വീഡിയോ കോൺഫറൻസിനുള്ള സമയക്രമവും ലിങ്കും ഇ-മെയിൽ മുഖാന്തിരം പൊതുതെളിവെടുപ്പിന് മുൻപായി അറിയിക്കുന്നതായിരിക്കും. തെളിവെടുപ്പ് സംബന്ധിച്ച തീയതികളും മറ്റു വിവരങ്ങളും കമ്മീഷന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. വീഡിയോ കോൺഫറൻസ് സൗകര്യം കൂടാതെ തെളിവെടുപ്പിന് നിശ്ചയിച്ചിട്ടുള്ള വിഷയത്തെ സംബന്ധിച്ച് കമ്മീഷൻ വെബ്സൈറ്റ് ആയ www.erckerala.org നൽകിയിട്ടുള്ള പെറ്റിഷനിന്മേൽ തങ്ങൾക്കുള്ള അഭിപ്രായം കമ്മീഷന്റെ ഇ-മെയിൽ വിലാസം ആയ kserc@erckerala.org മുഖാന്തിരമോ അല്ലെങ്കിൽ സെക്രട്ടറി, കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ, കെ.പി.എഫ്.സി ഭവനം, സി.വി രാമൻപിള്ള റോഡ്, വെള്ളയമ്പലം, തിരുവനന്തപുരം- 695 010 എന്ന വിലാസത്തിൽ തെളിവെടുപ്പിന് മുൻപാകെ ലഭ്യമാകുന്ന തരത്തിൽ അയച്ചുതരാവുന്നതുമാണ്. മേൽപ്പറഞ്ഞ സൗകര്യങ്ങൾ എല്ലാവരും പ്രയോജനപ്പെടുത്തുവാൻ താൽപര്യപ്പെടുന്നു.

സെക്രട്ടറി